വാഗ്ദത്തം മാറുകില്ല ദർശനം മാറുകില്ല

വാനവും ഭൂമിയും മാറിയാലും

വാക്കുമാറാത്തവൻ യേശുക്രിസ്തു

ഒരിക്കലും ഒരിക്കലും മാറുകില്ല. (2) വാഗ്ദത്തം മാറുകില്ല......

കണ്ണുനീർ കാണുന്നുണ്ട് കരച്ചിൽകേൾക്കുന്നുണ്ട്

ദീർഘനിശ്വാസങ്ങ ൾ അറിയുന്നുണ്ട്

പെട്ടെന്ന്ഴുന്നേറ്റു പ്രതിക്രീയ ചെയ്യും

ഉറ്റവർ മുന്നിൽമാനിച്ചിടും. (2) വാഗ്ദത്തം മാറുകില്ല......

ഏറ്റം മനോഹര പാത്രമാക്കിടുവാൻ

കുശവൻപോൽനമ്മെ പണിയുമ്പോ ൾ

ഭയപ്പെടേണ്ടാ സമർപ്പിച്ചിടുക

തിളക്കമേറിയ പാത്രമാക്കാ ൻ. (2) വാഗ്ദത്തം മാറുകില്ല......

കറ ചുളുക്കം വാട്ടം മാലിന്യം

ഇല്ലാത്ത നിർമല കന്യകയായ്

പ്രീയൻറെ മുന്നി ൽ നിൽക്കുന്നതോർക്കാം

ആകുലങ്ങൾ മറന്നാരധിക്കാം. (2) വാഗ്ദത്തം മാറുകില്ല......